ഭരണഭാഷ – മാതൃഭാഷ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

നമ്പർ. A5/3179/24/DTE തീയതി: 16-03-2026

## പരിപത്രം

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം- മെഡിസെപ്- ഒന്നാം ഘട്ടം- അക്കൗണ്ടിങ്- റീകൺസിലിയേഷൻ നടപടികൾ പൂർത്തീകരിക്കുന്നത്- സംബന്ധിച്ച്

സൂചന :- 1) 19.01.2024 തീയതിയായ ധനകാര്യ (ഹെൽത്ത് ഇൻഷുറൻസ്) വകുപ്പിൽ നിന്നുള്ള 06/2024/ധന നമ്പർ പരിപത്രം
2) 03.06.2024 തീയതിയായ ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പർ പരിപത്രം
3) 02.03.2026 തീയതിയായ ധനകാര്യ (മെഡിസെപ് സ്റ്റേറ്റ് നോഡൽ സെൽ) വകുപ്പിൽ നിന്നുള്ള സർക്കാർ കത്ത്

മെഡിസെപ്പുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കളിൽ നിന്നും ഈടാക്കിയ പ്രീമിയം തുകയും സർക്കാർ ശീർഷകത്തിൽ ലഭ്യമായ തുകയും സംബന്ധിച്ച Accounting Reconciliation Statement സർക്കാരിൽ നിന്നും അക്കൗണ്ടൻറ് ജനറലിന് സമർപ്പിക്കേണ്ടതുണ്ട് എന്നുള്ള വിവരം സൂചന (3) പ്രകാരം അറിയിച്ചിരിക്കുന്നു.

ഇൻഷുറൻസ് കമ്പനിക്ക് സർക്കാരിൽ നിന്നും ഒടുക്കിയ പ്രീമിയം തുകയും ഗുണഭോക്താക്കളിൽ നിന്നും ഈടാക്കിയ പ്രീമിയം തുകയും തമ്മിൽ വൈരുദ്ധ്യം നിലനിൽക്കുന്നു എന്നും ടി സാഹചര്യത്തിൽ ആയത് തിട്ടപ്പെടുത്തുന്നതിനും അതോടൊപ്പം ഗുണഭോക്താക്കളുടെ പ്രീമിയം അക്കൗണ്ടിംഗ് ക്രമീകരിക്കുന്നതിനുമായി മെഡിസെപ് പോർട്ടലിൽ Reconciliation ചെയ്യുന്നതിനായി സർക്കാരിൽ നിന്നും നിർദ്ദേശം നൽകിയിരുന്നു.

സൂചന (2) പ്രകാരം സൂചന (1)ലെ സർക്കാർ പരിപത്രത്തിൽ സൂചിപ്പിച്ചിട്ടുള്ള പ്രോഫോർമയുമായി (Consolidated MEDISEP Premium Reconciliation Statement : July 2022- December 2023) ബന്ധപ്പെട്ട ഡാറ്റ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ എല്ലാ സ്ഥാപന/ഓഫീസുകളിൽ നിന്നും DTE Information System (DIS) മുഖേന ലഭ്യമാക്കുവാനായി ഓഫീസ്/ സ്ഥാപനമേധാവികളെ ഈ കാര്യാലയത്തിൽ നിന്നും അറിയിച്ചിരുന്നു. നിലവിൽ 2022 ജൂലൈ മുതൽ 2023 ഡിസംബർ വരെയുള്ള അക്കൗണ്ടിങുമായി ബന്ധപ്പെട്ട ഡാറ്റ DIS-ൽ നിന്നും ഈ കാര്യാലയത്തിൽ ലഭിച്ചിട്ടുണ്ട്.

മെഡിസെപ്പിന്റെ ആദ്യ ഘട്ടം പൂർത്തിയായതിനാൽ സർക്കാർ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം തുക അടയ്ക്കുന്നതിന്റെ വിവരങ്ങൾ എല്ലാ സ്ഥാപനങ്ങളിലെയും/ ഓഫീസുകളിലെയും മെഡിസെപ്പുമായി ബന്ധപ്പെട്ട DDO ലോഗിനിൽ "Accounting" എന്ന ഓപ്ഷനിലൂടെ അപ്ഡേറ്റ് ചെയ്യേണ്ടതാണ്. സംശയനിവാരണത്തിനായി മെഡിസെപ് പോർട്ടലിൽ വീഡിയോ ("Resources" >> "Video help") upload ചെയ്തിട്ടുണ്ട്. ആയത് കണ്ടതിന്ശേഷം അക്കൗണ്ടിംഗ് പൂർത്തീകരിക്കുക.

2026 ജനുവരി വരെയുള്ള അക്കൗണ്ടിംഗ് റീകൺസിലിയേഷൻ നടപടികൾ മെഡിസെപ് പോർട്ടലിൽ മാർച്ച് 21-നകം പൂർത്തീകരിക്കണമെന്ന് അറിയിക്കുന്നു. അടിയന്തര പ്രധാന്യം ഉള്ള വിഷയമായതിനാൽ ഇതിന്മേലുള്ള നടപടി സമയ ബന്ധിതമായി തീർപ്പാക്കേണ്ടതാണ്. DTE Information System (DIS)-ൽ പ്രസ്തുത വിവരം ഉപയോഗിച്ച് "Reconciliation Statement" പൂരിപ്പിക്കുന്നതിനായിട്ടുള്ള നിർദ്ദേശം ഉടനടി ഈ കാര്യാലയത്തിൽ നിന്നും അറിയിക്കുന്നതാണ്.

SHEFEEK AHAMMAD C M
SENIOR FINANCE OFFICER

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ ഓഫീസ്/ സ്ഥാപനമേധാവികൾക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Digitally signed by
Shefeek Ahammad C M
Date: 16-03-2026
10:50:07